## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1031 08/01/2014 ൽ മറുപടിയ്ക്ക്

### പിന്നോക്ക വിഭാഗ കോർപ്പറേഷൻ മുഖേനയുള്ള വായ്പ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ മുഖേന തൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പ/മൈക്രോ ക്രെഡിറ്റ് വായ്പ/വിവാഹ വായ്പ എന്നിവ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | അത് സംബന്ധിച്ച് നാളിതുവരെയുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ; | (ബി) | ദേശീയ കോർപ്പറേഷനുകളുടെ നിബന്ധനകൾക്ക് വിധേയമായി കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ കാലാകാലങ്ങളിലുള്ള തീരുമാനങ്ങൾ അനുസരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ആയതിന് പ്രത്യേക സർക്കാർ ഉത്തരവുകൾ ഇല്ല. |
| (സി) | വായ്പ അനുവദിക്കുന്നതിനായി കോർപ്പറേഷന് മൂലധന ഗ്രാന്റായി 2013-14 ബജറ്റിൽ 10 കോടി രൂപ വകകൊള്ളിച്ചതിൽ, 30-11-2013 വരെ എത്ര ശതമാനം തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ; | (സി) | 2013-14 ബഡ്ജറ്റിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനുള്ള ധനസഹായമായി വകകൊള്ളിച്ച 10 കോടി രൂപ വ്യവസ്ഥകളോടെ അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ 50 % അതായത്, 5 കോടി രൂപ ആദ്യ ഗഡുവായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്